**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 476** **24-03-2025 - ൽ മറുപടിയ്ക്ക്**

**രോഗങ്ങൾ കണ്ടെത്താൻ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കപ്പെടുന്നുണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള ഡാറ്റകളുടെ (റജിസ്ട്രി) പരിമിതി ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് പര്യാപ്തമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **സാംക്രമിക രോഗങ്ങളുടെ വിവരങ്ങൾ IDSP സംവിധാനം മുഖേനയാണ് നിലവിൽ ശേഖരിക്കുന്നത്. ദേശീയ തലത്തിൽ നടപ്പിലാക്കിയിട്ടുള്ള IDSP-IHIP സംവിധാനമാണ് കേരളത്തിലും നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത സംവിധാനത്തിൽ എല്ലാ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സാംക്രമിക രോഗങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുകയാണ് ലക്ഷ്യമിടുന്നത്.**<br><br>**IDSP P-Form, IDSP L-Form, IDSP S-Form എന്നിവ മുഖേന യഥാക്രമം ഒ.പി. /ഐ.പി., ലബോറട്ടറി, ഫീൽഡ് എന്നിവിടങ്ങളിൽ നിന്നുമുള്ള വിവരങ്ങളാണ് ശേഖരിക്കുന്നത്. ഇത്തരത്തിൽ ദിവസേനയുള്ള വിശദാംശങ്ങൾ അവലോകനം ചെയ്ത് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. നിലവിൽ സാംക്രമിക രോഗങ്ങളുടെ നിരീക്ഷണത്തിന് മറ്റു സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതി നിലവിലുണ്ട്.**<br><br>**സാംക്രമികേതര രോഗങ്ങൾ അഥവാ ജീവിതശൈലി രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമായ ജീവിതശൈലി രോഗനിർണയ ക്ലിനിക്കുകൾ ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാണ്. ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകളിൽ എത്തുന്ന രോഗികളുടെ വിശദമായ വിവരശേഖരണം അതത് ക്ലിനിക്കുകളിൽ തന്നെ ചെയ്യപ്പെടുന്നതും ജില്ലാതലത്തിലേക്കും സംസ്ഥാനതലത്തിലേക്കും റിപ്പോർട്ട്** |

| | | | |
|---|---|---|---|
| | | | **ചെയ്യപ്പെടുന്നതുമാണ്. ഒരു പ്രദേശത്തെ ജനസംഖ്യയുടെ ഒരു നിശ്ചിത വിഭാഗം ജനങ്ങൾ മാത്രമാണ് സർക്കാർ ആതുരാലയങ്ങളെ ആശ്രയിക്കുന്നത് എന്നതുകൊണ്ടുതന്നെ ഒരു ക്ലിനിക്കിൽ എത്തുന്ന രോഗികളുടെ എണ്ണം ആ പ്രദേശത്തെ ജനങ്ങളുടെ രോഗ പ്രാചുര്യമായി കണക്കാക്കാൻ സാധിക്കുന്നതല്ല. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണയ പദ്ധതി. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ആളുകളുടെയും രോഗവിവരങ്ങൾ ഗൃഹസന്ദർശനം നടത്തി ആശാപ്രവർത്തകരിലൂടെ 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ കണ്ടെത്തുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.** |
| (ബി) | ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് വഴി നിലവിൽ ഏതൊക്കെ രോഗങ്ങൾ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ; | (ബി) | പ്രമേഹം, രക്താതിമർദ്ദം, ക്ഷയം, ശ്വാസകോശ രോഗങ്ങൾ, അനീമിയ, ക്യാൻസർ (വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം), കുഷ്ഠം, കേൾവിക്കുറവ്, കാഴ്ചവൈകല്യം, മലേറിയ, ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും വാർദ്ധക്യ സഹജമായ ആരോഗ്യ പ്രശ്നങ്ങൾ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ, വിവിധ രോഗങ്ങൾ എന്നിവ മൂലം വീടുകളിൽ കഴിയുന്നവരെ കണ്ടെത്തുന്നതിനുമാണ് ജനസംഖ്യ അടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് വഴി പ്രധാനമായും ലക്ഷ്യമിടുന്നത്. |
| (സി) | 'ശൈലി ആപ്പ്' ഉപയോഗിച്ചുള്ള രോഗനിർണ്ണയ സ്ക്രീനിംഗിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണയ വാർഷികാരോഗ്യ പദ്ധതി. ഇതിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ആരോഗ്യ വിവരങ്ങൾ ആശാപ്രവർത്തകർ മുഖേന ശേഖരിക്കുകയും ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ആളുകളെ വിദഗ്ധ പരിശോധനയ്ക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി ശൈലി എന്ന പേരിൽ ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഇ-ഹെൽത്ത് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ സ്ക്രീനിംഗിന്റെ പ്രധാന ലക്ഷ്യങ്ങൾ<br><br>1. ജീവിതശൈലി രോഗങ്ങൾ ഉള്ളവരെ കണ്ടെത്തുക, ചികിത്സ ഉറപ്പാക്കുക. |

| | | | |
|---|---|---|---|
| | | | 2. ജീവിതശൈലി രോഗങ്ങൾ വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി ആഹാര ശീലങ്ങളിലും ജീവിത ശീലങ്ങളിലും മാറ്റം വരുത്തേണ്ട അനിവാര്യത ബോധ്യപ്പെടുത്തി രോഗത്തെ പ്രതിരോധിക്കുക, ഇതിലൂടെ സമൂഹത്തിന്റെ രോഗാതുരത കുറയ്ക്കുക എന്നിവയാണ്.<br><br>ഇതിലൂടെ ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിതശൈലി രോഗങ്ങളുടെയും അവയിലേക്ക് നയിക്കുന്ന ഹേതുക്കളുടെയും പ്രാചുര്യം അറിയാൻ സാധിക്കുന്നതാണ്. ജീവിതശൈലി രോഗങ്ങൾ ഉള്ളവരുടെയും വരാൻ സാധ്യതയുള്ളവരുടെയും പഞ്ചായത്ത് തിരിച്ചും ജില്ല തിരിച്ചും സംസ്ഥാനതലത്തിലുമുള്ള വ്യക്തമായ കണക്കുകൾ ലഭ്യമാകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന കണക്കുകൾ പദ്ധതി ആസൂത്രണത്തിനും ധനവിനിയോഗത്തിനും പഠനങ്ങൾക്കും വിശകലനങ്ങൾക്കും സഹായമാകുന്നതുമാണ്. |
| (ഡി) | കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനവും ജനസംഖ്യാടിസ്ഥാനത്തിലുള്ള രോഗസ്ക്രീനിംഗും തമ്മിലുള്ള ബന്ധം വിശദമാക്കാമോ; | (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസം ജീവിതശൈലി രോഗനിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ശൈലി ആപ്പ് ഉപയോഗിച്ചുള്ള സർവ്വേയിലൂടെ കണ്ടെത്തുന്ന, രോഗസാധ്യത ഉള്ളവരെ രോഗസ്ഥിരീകരണത്തിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കും ജനകീയാരോഗ്യ കേന്ദ്രങ്ങളിലേക്കുമാണ് റഫർ ചെയ്യുന്നത്. ഇപ്രകാരം റഫർ ചെയ്യപ്പെടുന്ന ആളുകളുടെ രോഗസ്ഥിരീകരണവും തുടർ ചികിത്സയും ഉറപ്പാക്കുന്നത് കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി വിവിധ തരം ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് ആരോഗ്യ ബോധവത്ക്കരണം നൽകുന്നു. ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ചുമതലയുള്ള ആരോഗ്യ പ്രവർത്തകർ അതിന്റെ പരിധിയിലുള്ളവരെല്ലാം തന്നെ സ്ക്രീനിംഗിന് വിധേയരായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. |
| (ഇ) | ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നത് എന്തെല്ലാം നടപടികൾ വഴിയാണെന്ന് അറിയിക്കുമോ; | (ഇ) | ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിർണയ സ്ക്രീനിംഗിന്റെ പ്രവർത്തന പുരോഗതി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തൽസമയം വീക്ഷിക്കുന്നതിന് ഡാഷ് ബോർഡ് ലഭ്യമാണ്. ഈ ഡാഷ്ബോർഡിലൂടെ ഓരോ ജില്ലയുടെയും ഓരോ ബ്ലോക്കിന്റെയും ഓരോ സ്ഥാപനത്തിന്റെയും ഓരോ ആശാ പ്രവർത്തകരുടെയും പ്രവർത്തന പുരോഗതി അളക്കുവാൻ സാധിക്കുന്നതാണ്. ഇപ്രകാരം |

| | | | |
|---|---|---|---|
| | | | ഡാഷ്ബോർഡിൽ നിന്ന് ഓരോ പ്രദേശത്തെയും ഓരോ വ്യക്തിയുടെയും പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുകയും സത്വര തിരുത്തൽ നടപടികൾ സാധ്യമാകുന്നതുമാണ്. സർവ്വേ നടത്തിയ ജനങ്ങളുടെ സ്ക്രീനിംഗ് പുരോഗതി അറിയുന്നതിനും ഓരോ രോഗങ്ങൾ കണ്ടെത്തിയവരുടെ തുടർ ചികിത്സ ഉറപ്പാക്കുന്നതിനും ശൈലി ആപ്ലിക്കേഷനിലൂടെ സാധ്യമായിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത രോഗ സ്ക്രീനിംഗിൽ പൊതുജനങ്ങളുടെ പങ്കാളിത്തം എങ്ങനെയാണ് ഉറപ്പുവരുത്തുന്നത്; വിശദമാക്കുമോ? | (എഫ്) | പൊതുജന പങ്കാളിത്തത്തിലൂടെ മാത്രമേ ഇത്തരം ബൃഹത് സർവ്വേകൾ ജനസംഖ്യാധിഷ്ഠിതമായി നടത്തുവാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ ബോധവൽക്കരണം, പ്രചരണം എന്നിവ ഐ.ഇ.സി/ബി.സി.സി, മാസ് മീഡിയ വിഭാഗത്തിന്റെ സഹായത്തോടുകൂടി സംസ്ഥാന വ്യാപകമായി നടത്തുകയും ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുകയും ചെയ്തിട്ടുണ്ട്. സ്ക്രീനിംഗിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഗൃഹസന്ദർശനം കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, തൊഴിലിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ക്യാമ്പുകളും സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ